ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 11.07.2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ന്യൂസിലൻഡ് സന്ദർശനം പുരോഗമിക്കുന്നു. ഇന്ത്യ- ന്യൂസിലൻഡ് ഉഭയകക്ഷി ബന്ധം 'തന്ത്രപ്രധാന പങ്കാളിത്ത' പദവിയിലേക്ക് ഉയർത്താൻ തീരുമാനം.

   **Prime Minister Narendra Modi's visit to New Zealand underway; India and New Zealand decide to elevate bilateral ties to 'Strategic Partnership' status.**

2. ഇന്ത്യ ശക്തവും സ്വയംപര്യാപ്തവുമായ പ്രതിരോധ സേനയെ കെട്ടിപ്പടുക്കുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. നാവികസേനയുടെ യുദ്ധക്കപ്പൽ 'മഹേന്ദ്രഗിരി' രാഷ്ട്രത്തിന് സമർപ്പിച്ചു.

   **India is building a strong and self-reliant defence force, says Defence Minister Rajnath Singh; Naval warship 'INS Mahendragiri' dedicates to nation.**

3. വയനാട് മണ്ണിടിച്ചിലിൽ തിരച്ചിൽ ഇന്നും തുടരുന്നു. മണ്ണ് നീക്കം ചെയ്യുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ച് സംസ്ഥാന സർക്കാർ.

   **Search operations continue today in landslide-hit Wayanad; State Government appoints expert committee to submit report on soil removal.**

4. എൽ നിനോ പ്രതിഭാസം മൂലം അടുത്ത വർഷം മത്തിയുടെ ലഭ്യതയിൽ വൻതോതിൽ കുറവുണ്ടായേക്കുമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം.

**El Nino phenomenon could leads to a sharp decline in oil sardine availability next year, warns CMFRI.**

5. ഹോർമുസിൽ വാണിജ്യ കപ്പലുകൾക്ക് നേരെയുള്ള ആക്രമണത്തെ തുടർന്ന് ഇറാനെതിരെ വീണ്ടും ഉപരോധം ഏർപ്പെടുത്തി അമേരിക്ക.

**US imposes fresh sanctions on Iran following attacks on commercial vessels in the Strait of Hormuz.**

6. ഫിഫ ലോകകപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലുകളിൽ നോർവേ-ഇംഗ്ലണ്ടിനെയും അർജൻറീന-സ്വിറ്റ്സർലൻഡിനെയും നേരിടും.

**FIFA World Cup: Norway to face England and Argentina to take on Switzerland in the Quarter-Finals.**

&&&&&&&&&&&&&&&&&&&&&&&&&

## PM-NZ VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ന്യൂസിലൻഡ് സന്ദർശനം പുരോഗമിക്കുന്നു. ഓക്‌ലൻഡിൽ നടന്ന 'ഇന്ത്യ-ന്യൂസിലൻഡ് ബിസിനസ് എൻഗേജ്മെന്റ് 2026 ൽ പ്രധാനമന്ത്രി മോദിയും ന്യൂസിലൻഡ് പ്രധാനമന്ത്രിയും പങ്കെടുത്തു. ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധം ശക്തമാക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധത ഇരുനേതാക്കളും ആവർത്തിച്ചു. ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഉടൻ തന്നെ സ്പാർക്ക് അരീനയിൽ എത്തും. പതിനായിരത്തോളം ആളുകളാണ് വേദിയിൽ തടിച്ചുകൂടിയിരിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&

## MEA-NZ BRIEFING EARLY (INTRO)

ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള ഉഭയകക്ഷി ബന്ധം 'തന്ത്രപ്രധാന പങ്കാളിത്ത' പദവിയിലേക്ക് ഉയർത്താൻ തീരുമാനം. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് തീരുമാനം കൈക്കൊണ്ടത്. പ്രധാനമന്ത്രിയുടെ ന്യൂസിലൻഡ് സന്ദർശനവുമായി

ബന്ധപ്പെട്ട് ഓക്‌ലൻഡിൽ നടന്ന പ്രത്യേക വാർത്താ സമ്മേളനത്തിൽ വിദേശകാര്യ മന്ത്രാലയം ഈസ്റ്റ് സെക്രട്ടറി രുദ്രേന്ദ്ര ടണ്ഠനാണ് ഇക്കാര്യം അറിയിച്ചത്. അടുത്ത നാല് വർഷത്തേക്കുള്ള സംയുക്ത പ്രവർത്തനങ്ങൾക്ക് വഴികാട്ടിയാകുന്ന 'ഇന്ത്യ-ന്യൂസിലൻഡ് തന്ത്രപ്രധാന പങ്കാളിത്തം: മാർഗരേഖ 2030' ഇരു പ്രധാനമന്ത്രിമാരും അംഗീകരിച്ചതായി അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&&&&&&&&

**VP-BIHAR VISIT**

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഒരു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ബിഹാറിലെ ഗയയിലെത്തി. ബിഹാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ ആൻഡ് റൂറൽ ഡെവലപ്മെന്റിൽ ബിഹാർ നിയമസഭയിലെ അംഗങ്ങൾക്കുള്ള പരിശീലന പരിപാടിയെ അദ്ദേഹം അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&&&&&&&&

**MEGHWAL - MONSOON SESSION**

പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈ മാസം 20 ന് ആരംഭിച്ച് ഓഗസ്റ്റ് 13 വരെ തുടരും. വർഷകാല സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ പാർലമെന്ററി കാര്യ സഹമന്ത്രി അർജുൻ റാം മേഘ്‌വാളും കേന്ദ്രസഹമന്ത്രി. എൽ. മുരുകനും വിലയിരുത്തി. വരാനിരിക്കുന്ന സമ്മേളനത്തിലെ നിയമനിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമഗ്ര അവലോകനം നടത്തിയതായി ശ്രീ മേഘ്‌വാൾ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

**NITI AAYOG- SHANTI ACT**

രാജ്യത്തെ ആണവോർജ്ജമേഖലയുടെ സുസ്ഥിരവളർച്ച ലക്ഷ്യമിട്ടുള്ള, ശാന്തി നിയമം 2025 നടപ്പിലാക്കുന്നതു സംബന്ധിച്ച്, നിതി ആയോഗിന്റെ നേതൃത്വത്തിൽ യോഗം ചേർന്നു . ന്യൂഡൽഹിയിൽ നടന്ന യോഗത്തിൽ, മുതിർന്ന

സർക്കാർ ഉദ്യാഗസ്ഥർ, ഗവേഷണ സ്ഥാപനങ്ങളിലെയും വ്യവസായ മേഖലയിലെയും വിദഗ്ദ്ധർ തുടങ്ങിയവർ പങ്കെടുത്തു. 2047-ഓടെ രാജ്യത്തിന്റെ ആണവോർജ്ജ ശേഷി 100 ജിഗാ വാട്ടായി ഉയർത്തുകയാണ് നിയമത്തിന്റെ പ്രധാന ലക്ഷ്യം.

**&&&&&&&&&&&&&&&&&&&&&&&&&&**

## CMFRI-EL NINO

സമുദ്ര ഉഷ്ണതരംഗങ്ങൾക്ക് കാരണമാകുന്ന എൽ നിനോ പ്രതിഭാസം മൂലം അടുത്ത വർഷം മത്തിയുടെ ലഭ്യതയിൽ വൻതോതിൽ കുറവുണ്ടായേക്കുമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം. ഒക്ടോബർ-നവംബർ മാസങ്ങളിൽ ശക്തിപ്പെടുമെന്ന കരുതുന്ന എൽ നിനോയുടെ പ്രത്യാഘാതം ഇന്ത്യൻ മഹാസമുദ്രത്തിൽ അടുത്ത വർഷം ഏപ്രിൽ - മെയ് മാസങ്ങളിൽ പ്രകടമാകുമെന്ന് C M F R I ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. ദേശീയ മത്സ്യകർഷക ദിനത്തിൽ C M F R I സംഘടിപ്പിച്ച മത്സ്യ കർഷക സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കടുത്ത ചൂടിന് ശേഷം പെട്ടെന്നുണ്ടാകുന്ന മഴ തീരദേശങ്ങളിലും കായലുകളിലും ലവണാംശം വ്യത്യാസപ്പെടുന്നതിന് കാരണമാകും. ഇത് മത്സ്യകൃഷിയെ സാരമായി ബാധിക്കാനിടയുള്ളതിനാൽ തീരദേശ മത്സ്യകർഷകർ മുൻകരുതൽ സ്വീകരിക്കണമെന്നും അദ്ദേഹം വ്യക്തമാക്കി.

**&&&&&&&&&&&&&&&&&&&&&&&&&&**

## WAYANAD - RESCUE

വയനാട് കള്ളാടി മേഖലയിലുണ്ടായ മണ്ണിടിച്ചിലിൽ കാണാതായ വിക്രം റാണയ്ക്കായുള്ള തിരച്ചിൽ ഇന്നും തുടരുന്നു. ദേശീയ ദുരന്ത നിവാരണ സേന, അഗ്നിശമന സേന, പോലിസ് എന്നിവർക്ക് പുറമെ കൽപ്പറ്റയിലെ ജീവ രക്ഷപ്രവർത്തകരും തിരച്ചിലിൽ പങ്കെടുക്കുന്നുണ്ട്. പുഴയിലുൾപ്പെടെ വ്യാപക തെരച്ചിൽ നടത്തുമെന്ന് മന്ത്രി

ടി.സിദ്ധിഖ് പറഞ്ഞു. അതേസമയം തുരങ്ക പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൂട്ടിയിട്ടിരിക്കുന്ന മണ്ണ് ഏത് വിധത്തിൽ നീക്കം ചെയ്യണമെന്നതിനെ കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മൂന്നംഗ വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

**RAIN – KERALA**

കേരളത്തിലെ എല്ലാ ജില്ലകളിലും ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&&&&&&&&

**CENSUS**

സെൻസസ് 2027 ന്റെ ഭാഗമായുള്ള വിവരശേഖരണ പ്രവർത്തനങ്ങൾ കേരളത്തിൽ പുരോഗമിക്കുന്നു. എന്യൂമറേറ്റർമാരുടെ ഭവന സന്ദർശനം ഈ മാസം 30 വരെ തുടരും. വീടുകളുടെ സെൻസസും പട്ടികപ്പെടുത്തലുമാണ് ഈ ഘട്ടത്തിൽ നടക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിലാണ് ജനസംഖ്യ കണക്കെടുപ്പ് നടക്കുക.

&&&&&&&&&&&&&&&&&&&&&&&&&

**INS MAHENDRAGIRI (INTRO)**

പരമ്പരാഗത പ്രതിരോധ ശേഷിയും അത്യാധുനിക സാങ്കേതികവിദ്യകളും ശക്തിപ്പെടുത്തി ഇന്ത്യ ശക്തവും സ്വയംപര്യാപ്തവുമായ ഒരു പ്രതിരോധ സേനയെ കെട്ടിപ്പടുക്കുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഇന്ത്യൻ നാവികസേനയുടെ ആറാമത്, തദ്ദേശീയ പ്രൊജക്ട് 17എ യുദ്ധക്കപ്പലായ 'മഹേന്ദ്രഗിരി' ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യ പ്രതിരോധ ഇറക്കുമതിയെ ആശ്രയിക്കുന്ന അവസ്ഥയിൽ നിന്ന് സ്വന്തം ജനങ്ങളുടെ നൈപുണ്യത്തിലൂടെ അത്യാധുനിക സൈനിക പ്ലാറ്റ്ഫോമുകൾ ഉത്പാദിപ്പിക്കുന്നതിലേക്ക് മാറിയതായും

അദ്ദേഹം അഭിപ്രായപ്പെട്ടു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&&&&&&&&&&

## LAKSHADWEEP - NEW COURSES

ലക്ഷദ്വീപിലെ അന്ത്രോത്ത്, കടമത്ത് എന്നീ ദ്വീപുകളിലെ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ച് വിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കി. നിലവിലുണ്ടായിരുന്ന ഉന്നതവിദ്യാഭ്യാസ കോഴ്സുകളിൽ മാറ്റം വരുത്തിയാണ് പുതിയവ അനുവദിച്ചിരിക്കുന്നത്. ബി ബി എ ടൂറിസം, ബി എസ് സി കംപ്യൂട്ടർ സയൻസ്, ബി എസ് സി സൈക്കോളജി, ഫുഡ് പ്രോസസ്സിംഗ് പ്രിസർവേഷൻ തുടങ്ങിയവയാണ് പുതിയ കോഴ്സുകൾ.

&&&&&&&&&&&&&&&&&&&&&&&&&&&

## WORLD POPULATION DAY

ഇന്ന് ലോക ജനസംഖ്യാ ദിനം. വർദ്ധിച്ചുവരുന്ന ജനസംഖ്യ മൂലമുണ്ടാകുന്ന വെല്ലുവിളികൾ പരിഹരിക്കണമെന്നും സുസ്ഥിരമായ ഒരു ഭാവിക്കായി പ്രവർത്തിക്കണമെന്നും, ദിനാചരണം ആഹ്വാനം ചെയ്യുന്നു. "യുവജനങ്ങളുടെ പ്രതീക്ഷകളും അഭിലാഷങ്ങളും സാക്ഷാത്കരിക്കുക- ഇന്നും ഭാവിയിലേക്കും" എന്നതാണ് ഈ വർഷത്തെ ലോക ജനസംഖ്യാ ദിനത്തിന്റെ പ്രമേയം.

&&&&&&&&&&&&&&&&&&&&&&&&&&&

## DAY US-IRAN NEW SANCTIONS

ഇറാനെതിരെ പുതിയ ഉപരോധങ്ങൾ ഏർപ്പെടുത്തി അമേരിക്ക. ഇറാന്റെ നേതൃത്വവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വ്യക്തികളെയും സാമ്പത്തിക ശൃംഖലകളെയും ലക്ഷ്യമിട്ടാണ് പുതിയ ഉപരോധങ്ങൾ ഏർപ്പെടുത്തിയത് .ഈ ആഴ്ച ആദ്യം ഹോർമുസ് കടലിടുക്കിൽ വാണിജ്യ കപ്പലുകൾക്ക് നേരെ ടെഹ്റാൻ നടത്തിയ ആക്രമണത്തിന് മറുപടിയായാണ് ഈ നീക്കം. യുഎസ്-ഇറാൻ ധാരണാപത്രം അവസാനിച്ചുവെന്ന് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചിട്ടും,

സംഘർഷങ്ങൾ ലഘൂകരിക്കാനുള്ള നയതന്ത്ര ശ്രമങ്ങൾ തുടരുന്നതിനിടെയാണ് ഉപരോധങ്ങൾ വരുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&

## VENEZUELA - DEATH TOLL

ഭൂകമ്പം നാശം വിതച്ച വെനസ്വേലയിൽ മരണം 4,000 കടന്നു. 16,740 പേർക്ക് പരിക്കേറ്റതായി പ്രസിഡന്റ് ജോർജ് റോഡ്രികസ് സമൂഹമാധ്യമത്തിൽ അറിയിച്ചു. കഴിഞ്ഞ മാസം 24 നാണ് 7.2, 7.5 എന്നീ തീവ്രതകളുള്ള ഇരട്ട ഭൂകമ്പം വെനസ്വേലയിൽ നാശം വിതച്ചത്. ആയിരക്കണക്കിന് ജനങ്ങളെയാണ് കാണാതായത്.

&&&&&&&&&&&&&&&&&&&&&&&&&&&

## FIFA WORLD CUP FOOTBALL

ഫിഫ ലോകകപ്പ് ഫുട്ബോളിൽ നാളെ നടക്കാനിരിക്കുന്ന ക്വാർട്ടർ ഫൈനലുകളിൽ നോർവേ-ഇംഗ്ലണ്ടിനെയും അർജൻറീന-സ്വിറ്റ്സർലൻഡിനെയും നേരിടും.

പുലർച്ചെ 02.30 നാണ് നോർവേ ഇംഗ്ലണ്ട് പോരാട്ടം, നാളെ രാവിലെ 06.30 ന് അർജന്റീന - സ്വിറ്റ്സർലാൻഡ് മത്സരവും നടക്കും. ലോകകപ്പ് സെമി ഫൈനലുകൾക്ക് ബുധനാഴ്ച തുടക്കമാകും.

&&&&&&&&&&&&&&&&&&&&&&&&&&&

## WOMENS CRICKET TEST

വനിതാ ക്രിക്കറ്റിൽ, ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് സ്കോറായ 285 റൺസിന് മറുപടിയായി ഇംഗ്ലണ്ട് ഇന്ന് രണ്ടാം ദിനം ബാറ്റിംഗ് പുനരാരംഭിക്കും. ലണ്ടനിലെ ലോർഡ്സിൽ നടക്കുന്ന വനിതാ ടെസ്റ്റിന്റെ ഒന്നാം ദിനം കളി അവസാനിക്കുമ്പോൾ ഇംഗ്ലണ്ട് ഒരു വിക്കറ്റിന് 21 റൺസ് എന്ന നിലയിലാണ്. മത്സരം ഇന്ത്യൻ സമയം ഉച്ചയ്ക്ക് 3:30-ന് ആരംഭിക്കും.

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&